# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി11/1690/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 16/11/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/കെഎൻആർ/സി11/1690/2023 തീയ്യതി: 16/11/2023

## കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-02-2023 മുതൽ 19-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2023 | 31-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2023 | 21-10-2023 |
| 25-10-2023 | 31-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ - ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീ.ആൽബർട്ട് ജോസ് -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.വനജ മാടത്താൻകണ്ടി -സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ജിജില.ടി -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.വി.ഹൈമാവതി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.അനിൽ കുമാർ.പി | സെക്രട്ടറി | 01-04-2022 | 31-12-2022 |
| ശ്രീമതി.മഞ്ജുഷ.പി.എൻ | സെക്രട്ടറി | 01-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.റോയ്.ആർ.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 27-05-2022 |
| ശ്രീമതി.പ്രിയ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 28-05-2022 | 31-07-2022 |
| ശ്രീ.അമൽ രാജ് .ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-08-2022 | 31-03-2023 |
| ഡോ.ഷിബു.പി.എൻ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.മുഹമ്മദ് ഹിജാസ് | വി ഇ ഒ - തോലമ്പ്ര | 01-04-2022 | 31-03-2023 |
| ശ്രീ.രസിത്ത്.കെ.എം | വി ഇ ഒ - ശിവപുരം | 01-04-2022 | 26-10-2022 |
| ശ്രീ.മുഹമ്മദ് ഹിജാസ് | വി ഇ ഒ - ശിവപുരം | 27-10-2022 | 10-11-2022 |
| ശ്രീ.സംരാഗ്.കെ.കെ | വി ഇ ഒ - ശിവപുരം | 11-11-2022 | 31-03-2023 |
| ശ്രീമതി.സ്മിത മാരാർ | ക്ഷീര വികസന ഓഫീസർ | 01-04-2022 | 16-07-2022 |
| ശ്രീ.നിഷാദ്.വി.കെ | ക്ഷീര വികസന ഓഫീസർ | 17-07-2022 | 31-03-2023 |
| ശ്രീമതി.ആശാലത.പി.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 01-03-2023 |
| ശ്രീമതി.ആതിര.കെ.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 02-03-2023 | 31-03-2023 |
| ഡോ.അരവിന്ദ്.എസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 17-06-2022 |
| ഡോ.പ്രീതി.എം.പ്രദീപ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 18-06-2022 | 31-03-2023 |
| ഡോ.മഞ്ജുള.കെ.പി | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ.ജിതേഷ്.എ.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ.രവീന്ദ്രൻ.പി | ഹെഡ് മാസ്റ്റർ | 01-04-2022 | 30-04-2022 |
| ശ്രീമതി.ഷിജിന.എം | ഹെഡ് മിസ്ട്രസ്സ് | 01-05-2022 | 03-07-2022 |
| ശ്രീ.പ്രദീപ് കോടഞ്ചേരി | ഹെഡ് മാസ്റ്റർ | 04-07-2022 | 31-03-2023 |
| ശ്രീ.ഷാജി.സി | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 30-06-2022 |
| ശ്രീമതി.പ്രീത.പി.വി | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-07-2022 | 31-10-2022 |
| ശ്രീ.രാജേഷ്.ടി.ആർ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-11-2022 | 31-12-2022 |
| ശ്രീ.രജീഷ്.ടി.കെ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2023 | 31-03-2023 |
| ശ്രീമതി.ഡോണ സ്കറിയ | കൃഷി ഓഫീസർ | 01-04-2022 | 30-07-2022 |
| ശ്രീ.ബെഞ്ചി ഡാനിയേൽ | കൃഷി ഓഫീസർ | 31-07-2022 | 02-03-2023 |
| ശ്രീ.ജോർജ്ജ് .കെ.ജെ | കൃഷി ഓഫീസർ | 10-03-2023 | 31-03-2023 |
| ശ്രീമതി.ഷബ്ന .കെ.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 25-10-2022 |
| ശ്രീമതി.മനില.എം | അസിസ്റ്റന്റ് സെക്രട്ടറി(അധിക ചുമതല) | 26-10-2022 | 27-10-2022 |
| ശ്രീ.പവിത്രൻ.വി | അസിസ്റ്റന്റ് സെക്രട്ടറി | 28-10-2022 | 31-03-2023 |

കൃഷി ഓഫീസർ തസ്തിക 03-03-2023 മുതൽ 09-03-2023 വരെ ഒഴിവ്

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | B-4 Schedule പ്രകാരം ബാധ്യതയായി രേഖപ്പെടുത്തിയ വിവിധ ഗ്രാന്റിനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-3 |
| 5 | പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ ബി-11 (B) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | സ്റ്റെയിൽ ചെക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല | 1-1-5 |
| 7 | വാർഷികകണക്കിലെ തുകകളും ഡിമാൻഡ് രജിസ്റ്ററുകളും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ദുരിതാശ്വാസ നിധി : ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹4081), ബി-2 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹4781) യുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവ് - വാർഷിക ധനകാര്യപത്രിക,സുലേഖ ചെലവ് പത്രിക,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ തമ്മിൽപൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ലൈബ്രറി സെസ്സ് കളക്ഷൻ, വാർഷിക ധനകാര്യ പത്രിക RP-35 പ്രകാരമുള്ള തുകയും (₹166,330) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയും (₹208312) പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |

| | | |
|---|---|---|
| 19 | ഗ്രാമസഭ | 1-10 |
| 20 | ഇ-ടെണ്ടർ ഫോറം വില ₹2,38,738 ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല | 1-11 |
| 21 | വിസ്തീർണ്ണത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം നടത്തുന്നില്ല | 1-12 |
| 22 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു | 1-13 |
| 23 | തനത് ഫണ്ട് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-14 |
| 24 | ഐ.കെ.എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- ₹87181 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-15 |
| 25 | സ്മാർട്ട് ഐ-ഫേസ് 1 -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാല്ല ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-16 |
| 26 | പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടില്ല | 1-17 |
| 27 | തേനീച്ച കൃഷി പ്രോത്സാഹനം - അപാകങ്ങൾ- ₹ 66,600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 28 | തരിശ് പച്ചക്കറി കൃഷി വികസനം - അപാകങ്ങൾ -₹ 2,76,340-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 29 | വിളഗ്രാമം കശുമാവ് കൃഷി വികസനം - അപാകങ്ങൾ ₹764031 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 30 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-രേഖകൾ ലഭ്യമാക്കിയില്ല – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-21 |
| 31 | ഒഴിഞ്ഞ ടാർ ബാരൽവില തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് ഒടുക്കിയിട്ടില്ല | 1-22 |
| 32 | മരാമത്ത് പ്രവൃത്തി ഫയൽ സൂക്ഷിപ്പ് അപാകങ്ങൾ | 1-23 |
| 33 | ആസ്തി സംരംക്ഷണം | 1-24 |
| 34 | മുറ്റത്തൊരു മീൻതോട്ടം - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-25 |
| 35 | ലൈഫ് ഭവന നിർമ്മാണ പദ്ധതി- 2020-21-ൽ കരാർ വച്ച വീടുകൾ പൂർത്തീകരിച്ചില്ല. | 1-26 |
| 36 | ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി - ₹100000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 37 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1- 28 |
| 38 | മഴക്കാലപൂർവശുചീകരണം - രേഖകൾ ലഭ്യമാക്കിയില്ല. ₹47,383 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |

| | | |
|---|---|---|
| 39 | മാലൂർ പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ- ₹70,639 യുടെ മരുന്ന് ലഭ്യമായില്ല - ₹70639-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 40 | ദീർഘകാല രോഗികളുടെയും മാറാ രോഗികളുടെയും ഗൃഹപരിചരണത്തിനുള്ള ഹോംകെയർ സംവിധാനം - 79,833/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-31 |
| 41 | പി എച്ച് സി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് തുക കൈമാറിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ചെലവ് തുക ₹16,16,471 തടസ്സപ്പെടുത്തുന്നു. | 1-32 |
| 42 | ക്ഷേമ പെൻഷൻ അനുവദിച്ചതിലെ അപാകങ്ങൾ. | 1-33 |
| 43 | തനതുവരുമാന വർദ്ധനവ് - അവലോകനം | 1-34 |
| 44 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - അവലോകനം | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മാലൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 25.07.2023 ലെ 1/278/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 25.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാലൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാലൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ, ഡെപ്യൂട്ടി ഡയറക്ടർ,

16-11-2023 ജില്ലാ ഓഡിറ്റ് കാര്യാലയം,

കണ്ണൂർ.

## 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ്, 62 എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ, റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. കാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് പ്രകാരം തൻ വർഷത്തെ ആകെ ക്യാഷ് ഫ്ളോ -171273 രൂപയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുക 897530 രൂപയുമാണ്.

## 1-1-3 B-4 Schedule പ്രകാരം ബാധ്യതയായി രേഖപ്പെടുത്തിയ വിവിധ ഗ്രാന്റിനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ബി 4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ താഴെ പറയുന്ന തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

| CODE & HEAD | തുക |
|---|---|
| 320200399 Grants, Funds & Contributions For Specific Purposes - Other ThanDevelopment Fund And State Sponsored Scheme Funds - Other Purposes | 617,671.00 |
| 320300199 Grants, Funds & Contributions For Specific Purposes - Other Government Agencies | 101,709.00 |
| 320700104 Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats | 130,393.00 |
| 320700204 Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 117,611.00 |
| 320700205 Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats | 80,122.00 |
| 320800101 Beneficiary Contributions | 206,594.00 |

## 1-1-4 പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ ബി-11 (B) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ ബി-11 (B) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-5 സ്റ്റെയിൽ ചെക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല

ബി-9 ഷെഡ്യൂളിൽ Liability In Respect Of Stale Cheque എന്ന ഇനത്തിൽ (350800101) 36911/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ ചെക്കുകളിൽ മൂന്ന വർഷം കാലാവധി കഴിഞ്ഞ ചെക്കുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

## 1-1-6 വാർഷികകണക്കിലെ തുകകളും ഡിമാൻഡ് രജിസ്റ്ററുകളും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിലെ തുകകളും ഡിമാൻഡ് രജിസ്റ്ററുകളും പൊരുത്തപ്പെടുന്നില്ല. വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി, വാടക വരവ് എന്നിവ മാർച്ച് മാസാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-7 ദുരിതാശ്വാസ നിധി : ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹4081), ബി-2 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹4781) യുമായി പൊരുത്തപ്പെടുന്നില്ല.

ദുരിതാശ്വാസ നിധി : ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹4081), ബി-2 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹4781) യുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-8 ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവ് - വാർഷിക ധനകാര്യപത്രിക,സുലേഖ ചെലവ് പത്രിക,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ തമ്മിൽപൊരുത്തപ്പെടുന്നില്ല

ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവ് - വാർഷിക ധനകാര്യപത്രിക,സുലേഖ ചെലവ് പത്രിക,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ തമ്മിൽപൊരുത്തപ്പെടുന്നില്ല.

### 1-1-9 ലൈബ്രറി സെസ്സ് കളക്ഷൻ, വാർഷിക ധനകാര്യ പത്രിക RP-35 പ്രകാരമുള്ള തുകയും (₹166,330) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയും (₹208312) പൊരുത്തപ്പെടുന്നില്ല.

ലൈബ്രറി സെസ്സ് കളക്ഷൻ, വാർഷിക ധനകാര്യ പത്രിക RP-35 പ്രകാരമുള്ള തുകയും (₹166,330) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയും (₹208312) പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് അംഗീകരിച്ച ഭരണ സമിതിതീരുമാനം നമ്പർ/തീയ്യതി | തീരുമാനം നമ്പർ 01/2023 തിയ്യതി 30/03/2022 | |
| പുതുക്കിയ ബജറ്റ് അംഗീകരിച്ച തീരുമാനം നമ്പർ , തീയ്യതി | തീരുമാനം നമ്പർ 93/3/2023 തിയ്യതി 13/03/2023 | |
| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
| മുന്നിരിപ്പ് | 11277095 | 17328019 |
| വരവ് | 197402100 | 157668247 |
| ആകെ | 208679195 | 174996266 |
| ചെലവ് | 205736060 | 162588240 |
| നീക്കിയിരിപ്പ് | 2943135 | 12408026 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 2,55,42,182 |
| ഓഡിറ്റ് വർഷത്തെ വരവ് | 3,36,98,096 |
| ആകെ | 5,92,40,278 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 3,28,00,566 |
| നീക്കിയിരിപ്പ് | 26439712 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3285478 |

വികസന ഫണ്ട് ജനറൽ, എസ്.സി.പി, ടി.എസ്.പി, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ്& അൺടൈഡ്(ട്രഷറി ) , സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്ത് വിഹിതം ഡെപ്പോസിറ്റ്, തൊഴിലുറപ്പ് പദ്ധതി, ക്ഷേമ പെൻഷൻ മുതലായവയുടെ വിവരം റസീറ്റ് &പെയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവ ഉൾപ്പെടാത്തതിനാൽ മേൽ വരവും ചെലവും ഭാഗികമാണ്. ഇവ ഉൾപ്പെടുന്ന റസീറ്റ് പേയ്മെന്റ് ഷെഡ്യൂൾ കുറ്റമറ്റതാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്പ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | | 0 | 15925200 | 15925200 | 15244493 | 680707 |
| വികസന ഫണ്ട് എസ്.സി.പി | | 0 | 673302 | 673302 | 673302 | 0 |
| വികസന ഫണ്ട് ടിഎസ് പി | | 0 | 773302 | 773302 | 773302 | 0 |
| മെയിന്റനൻസ് റോഡ് | | 0 | 4828000 | 4828000 | 4186426 | 641574 |
| മെയിന്റനൻസ് നോൺ റോഡ് | | 0 | 5523000 | 5523000 | 5388168 | 134832 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | ബാങ്ക് | 2956575 | 4508000 | 7464575 | 4952105 | 2512470 |
| | ട്രഷറി | 2033483 | 0 | 2033483 | 454023 | 1579460 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | ബാങ്ക് | 208426 | 3159349 | 3367775 | 2697927 | 669848 |
| | ട്രഷറി | 17786 | 0 | 17786 | 17786 | 0 |
| എം.എൻ.ആർ.ഇ.ജി.എസ് | | 3289 | 47065969 | 47669258 | 47660545 | 8713 |
| ഐസിഡിഎസ് | | 549985 | 1506864 | 2056849 | 549985 | 1506864 |
| ടിഎസ് സി | | 994066 | 0 | 994066 | 0 | 994066 |
| എം പി ഫണ്ട് | | 15595 | 0 | 15595 | 0 | 15595 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ്- വിമുക്തി | | 3595 | 0 | 3595 | 0 | 3595 |
| ഹെൽത്ത് മിഷൻ | | 0 | 450000 | 450000 | 0 | 450000 |
| ലൈഫ് മിഷൻ | | 125131 | 304145 | 429276 | 150000 | 279276 |
| ലൈബ്രറി ഗ്രാൻറ് | | 38200 | 11640 | 49840 | 0 | 49840 |
| സാക്ഷരത | | 478782 | 14036 | 492818 | 0 | 492818 |
| ശുചിത്വ മിഷൻ | | 1100633 | 0 | 1100633 | 0 | 1100633 |
| സ്വച്ച് ഭാരത് അഭിയാൻ | | 0 | 621966 | 621966 | 621966 | 0 |
| ഹെൽത്ത് ഗ്രാന്റ് | | 0 | 292081 | 292081 | 183414 | 108667 |
| മറ്റ് ബാധ്യത | | 29385 | 5262 | 34647 | 6726 | 27921 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | ചെലവ് | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 190 | 159 | 65175053 | 124 | 35 | 31 | 43072064 | 65.26 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | അടങ്കൽ | പദ്ധതികളുടെ എണ്ണം | | ചെലവ് | ശതമാനം |
|---|---|---|---|---|---|
| | | അടങ്കൽ വച്ചത് | ചെലവഴിച്ചത് | | |
| സെക്രട്ടറി | 11172602 | 39 | 29 | 5620373 | 50.30 |
| കൃഷി ഓഫീസർ | 2411996 | 10 | 10 | 2344994 | 97.22 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 22649251 | 64 | 49 | 14084515 | 62.19 |
| വെറ്റിനറി സർജൻ | 2083085 | 9 | 9 | 1582693 | 75.98 |
| വി ഇ ഒ | 14057946 | 21 | 20 | 7748454 | 55.12 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1200000 | 1 | 1 | 1110355 | 92.53 |
| ഫിഷറീസ് എക്സ്റ്റൻഷൻ | 60000 | 1 | 1 | 60000 | 100.00 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| ഐ സി ഡി എസ് സൂപ്പർവൈസർ | 4673797 | 10 | 10 | 4280148 | 91.58 |
| മെഡിക്കൽ ഓഫീസർ-ആയുർവേദ | 1170000 | 3 | 3 | 1170000 | 100 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 3462161 | 10 | 9 | 32,15,140 | 92.87 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 120000 | 2 | 2 | 119956 | 99.96 |
| അസിസ്റ്റന്റ് സെക്രട്ടറി | 966453 | 7 | 6 | 854973 | 88.47 |
| ഹെഡ്മാസ്റ്റർ | 1147762 | 13 | 10 | 880463 | 76.71 |
| ആകെ | 65175053 | 190 | 159 | 43072064 | 66.09 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | | |
|---|---|---|---|---|---|---|
| എംജിഎൻആർഇജിഎസ് | ഭരണ ചെലവ് | 3289 | 1291758 | 1295047 | 1286334 | 8713 |
| | തൊഴിലാളികളുടെ കൂലി, മെറ്റീരിയൽ ചെലവ് | 0 | 46374211 | 46374211 | 46374211 | |
| ആകെ | | 3289 | 47665969 | 47669258 | 47660545 | 8713 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 7645400 | 532 |
| വിധവാ പെൻഷൻ | 11577400 | 854 |
| വാർദ്ധക്യകാല പെൻഷൻ | 19611300 | 1506 |
| വികലാംഗ പെൻഷൻ | 4034000 | 284 |
| അവിവാഹിത പെൻഷൻ | 2158600 | 158 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-10-2023 തീയതിയിൽ 2.20 Pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 11,062 (പതിനൊന്നായിരത്തി അറുപത്തിരണ്ട് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും ചേർന്നിട്ടുണ്ട്. ഓഫീസ് ഉത്തരവ് സമയാസമയങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്.

സ്ഥാപനത്തിന്റെ ഇ പെയ്മെന്റ് അക്കൗണ്ടിൽ 18.46ലക്ഷം നീക്കിയിരിപ്പുണ്ട്. ഇ പെയ്മെന്റ് അക്കൗണ്ട് പലിശരഹിത അക്കൗണ്ടിൽ ദീർഘകാലം സൂക്ഷിക്കുന്നത് പലിശനഷ്ടത്തിന് ഇടയാക്കുന്നതിനാൽ തുക കൃത്യമായ ഇടവേളകളിൽ സേവിംഗ്സ് അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതാണ്. കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്ത കെട്ടിടങ്ങളുടെ പെർമിറ്റ് പുതുക്കുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി പുനഃനിർണ്ണയിക്കുകയോ ചെയ്യുന്നില്ല. തനത് വരുമാന വർദ്ധനവിനായി ഈവിഷയങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു. വിവിധ ഗ്രാന്റുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള ഗ്രാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിൽ ആകെ 15 വാർഡുകളാണ് ഉള്ളത്. 2022-23 വർഷം ഗ്രാമസഭകൾ 4 തവണ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമ സഭകളിലെ ജന പ്രാതിനിധ്യം നിശ്ചിത ക്വാറം തികയുന്നുണ്ട്. 2022-23 വാർഷിക പദ്ധതി രൂപീകരണം, 2021-22 പദ്ധതി അവലോകനം, ലൈഫ് പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, ഓഡിറ്റ് റിപ്പോർട്ട് അവതരണം തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 ഇ-ടെണ്ടർ ഫോറം വില ₹2,38,738 ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച ഗ്രാമ പഞ്ചായത്തിന് 2017-18 മുതൽ 2021-22 വരെ ₹2,60,238 ലഭിക്കാനുണ്ടായിരുന്നു.ഇതിൽ2017-18ലെ ₹21,500 ലഭിച്ചിട്ടുണ്ട്, ബാക്കി ₹2,38,738 ലഭിക്കാനുണ്ട്. 2022-23 വർഷത്തെ ഇ ടെണ്ടർ ഫോറം വില ₹54,365 അസിസ്റ്റന്റ് എഞ്ചിനീയറുടെ SBI A/C 00000041383530990ൽ നിന്നും പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ₹2,38,738 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും 2022-23 വർഷത്തെ ഇ ടെണ്ടർ ഫോറം വില ₹54,365 പഞ്ചായത്ത് ഫണ്ടിൽ ക്രഡിറ്റ് ചെയ്യേണ്ടതുമാണ്

## 1-12 വിസ്തീർണ്ണത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം നടത്തുന്നില്ല

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2018-19, 2019-20 കാലയളവിൽ വിവിധ റസിഡൻഷ്യൽ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും പെർമിറ്റ് കാലാവധിക്ക് ശേഷം മേൽ കെട്ടിങ്ങളുടെ പെർമിറ്റ് പുതുക്കുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിക്കാൻ വേണ്ടി അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല. പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറുമായി താരതമ്യ പരിശോധന നടത്തിയപ്പോൾ കൂട്ടിച്ചേർത്ത ഭാഗത്തിന് നാളിതുവരെ നികുതി നിർണ്ണയിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ/ കാലാവധി | കെട്ടിടത്തിന്റെ നിലവിലെ വിസ്തീർണ്ണം (ച.മീ) (കെട്ടിട ഉടമ | കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം | സഞ്ചയപ്രകാരം നികുതി നിർണ്ണയിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | സമർപ്പിച്ച പ്ലാൻ പ്രകാരം) | (ച.മീ) (കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരം) | (ച.മീ) |
| 1 | 5/403 A | കാട്ടുപറമ്പിൽ സുഹറ | A2-BA(281425)/2018 03.12.2021 | 94.96 (താഴത്തെ നില) | 41.55 (ഒന്നാമത്തെ നില ) | 71.52 (താഴത്തെ നില) |
| 2 | 15/488 A | പട്ടവിലാൻ ഷിജു | A2-BA(139473)/2019 12.06.2022 | 92.07 (താഴത്തെ നില ) | 50.56 (ഒന്നാമത്തെ നില ) | 79.72 (താഴത്തെ നില) |
| 3 | 5/252 | കെ.വിനോദ് | A2-BA(140177)/2019 12.06.2022 | 48.48 (താഴത്തെ നില ) | 90.89 (താഴത്തെ നില ) 12.57 (ഒന്നാമത്തെ നില ) | 106.47 (താഴത്തെ നില ) |

പെർമിറ്റ് കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ വസ്തുനികുതി പുനർനിർണ്ണയിക്കുകയോ ചെയ്യാത്ത ഇത്തരം കെട്ടിടങ്ങളുടെ നിലവിലെ നിർമ്മാണ ഘട്ടം, പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വസ്തുനികുതി പരിഷ്ക്കരിച്ച് ഈടാക്കാൻ സ്വീകരിച്ച നടപടികൾ, മേൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളുടെ നിലവിലെ വസ്തു നികുതി നിർണ്ണയത്തിന് പരിഗണിച്ച തറ വിസ്തീർണ്ണം കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരമുള്ള നിലവിലെ തറ വിസ്തീർണ്ണം എന്നിവ തമ്മിലുള്ള അന്തരത്തിന് കാരണം എന്നിവ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/27.10.2023)മറുപടി ലഭ്യമാക്കിയില്ല. കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിൽ മേൽ പറഞ്ഞത് പ്രകാരം വ്യത്യാസം വരാനുള്ള കാരണം അറിയിക്കേണ്ടതും കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

സഞ്ചയ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നതായി കണ്ടതിനെ തുടർന്ന് വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടിയുടെ വിശദാംശം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (13/27.10.2023) നൽകുകയുണ്ടായി.

| കെട്ടിട നം. | കെട്ടിട ഉടമ | കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 1/420 | മാനേജർ, റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 68084 | 2013-14 ആദ്യ പകുതി മുതൽ |
| 4/89 B | ജി ടി എൽ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 17100 | 2020-21 ആദ്യ പകുതി മുതൽ |

ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 1/420 നമ്പർ കെട്ടിടത്തിന്റെ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് കേസ് ഫയൽ ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. 4/89 B നമ്പർ കെട്ടിടത്തിന്റെ 2020-21 മുതൽ 2022-23 വരെയുള്ള വസ്തുനികുതി 31.03.2023 ന് NEFT വഴി അടവാക്കിയതായും, ആയത് അടവാക്കിയത് തത്സമയം വിവരം ലഭിക്കാത്തതിനാൽ പ്രസ്തുത തുക സഞ്ചയ വഴി എൻട്രി ചെയ്യാൻ സാധിച്ചില്ല എന്നും, പിന്നീട് തുക Other Deposit ഹെഡിൽ വരവ് വെച്ചതായും, നിലവിൽ സഞ്ചയയിൽ PD Receipt Entry ഓപ്ഷൻ ലഭ്യമല്ലാത്തതിനാൽ സഞ്ചയയിൽ രേഖപ്പെടുത്താൻ സാധിച്ചിട്ടില്ല എന്നും, ആയത് സംബന്ധിച്ച് I.K.M ൽ പരാതി സമർപ്പിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. 1/420 നമ്പർ കെട്ടിടത്തിന്റെ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട കേസിന്റെ തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതും, 4/89 B നമ്പർ കെട്ടിടത്തിന്റെ നികുതി അടവാക്കിയത് സഞ്ചയയിൽ രേഖപ്പെടുത്തി

അറിയിക്കേണ്ടതുമാണ്.

## 1-14 തനത് ഫണ്ട് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി ഇ-പേയ്മെന്റ് അക്കൗണ്ട് കറന്റ് അക്കൗണ്ടാണ്. വസ്തുനികുതി ഇ-പേയ്മെന്റ് അക്കൗണ്ടിൽ വരുന്ന തുക നിശ്ചിത ഇടവേളകളിൽ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതായിരുന്നു. എന്നാൽ ഇ-പേയ്മെന്റ് അക്കൗണ്ടിലെ തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ കറന്റ് അക്കൗണ്ടിൽ നിലനിർത്തിവരികയാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബാങ്ക് അക്കൗണ്ട് വിവരം | നീക്കിയിരിപ്പ്(31.03.2023) /AFS/പാസ്ബുക്ക് പ്രകാരം |
|---|---|
| എസ് ബി ഐ E PAYMENT-അക്കൗണ്ട് (അക്കൗണ്ട് നമ്പർ - 37232052882 | 18,46,614/- |

ഗ്രാമപഞ്ചായത്ത് മേല്പറഞ്ഞ അക്കൗണ്ടിലെ തനത് വരുമാനം യഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ പലിശരഹിത അക്കൗണ്ടിൽ നിലനിർത്തിയത് വഴി പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നുണ്ട്. ഇത് സംബന്ധിച്ച് 28-10-2023 ന നൽകിയ 24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ഓഡിറ്റ് സമയത്തു മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് മേല്പറഞ്ഞ അക്കൗണ്ടിലെ തനത് വരുമാനം യഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ഐ.കെ.എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-₹87181 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 72/23, ഐ.കെ.എം വിഹിതം നൽകൽ |
| അടങ്കൽ | ₹87181 വികസനഫണ്ട്, പൊതുവിഭാഗം |
| ചെലവ് | ₹87181 |
| ബിൽ നമ്പർ, തീയതി | BRN: 22220452011401153847/dt 06-03-2023 |

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ.കെ.എം ന് അടച്ച് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ₹87181 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്നറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/26-10-23) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ ₹87181 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 സ്മാർട്ട് ഐ-ഫേസ് 1 -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാല്ല ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 214/23, സ്മാർട്ട് ഐ-ഫേസ് 1 – പൊതുഇടങ്ങളിൽ സി.സി.ടി.വി. സ്ഥാപിക്കൽ |

| | |
|---|---|
| അടങ്കൽ | ₹177000, ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹177000 |
| എ.സി.ആർ ബിൽ നമ്പർ, തീയതി | 871/17-02-2023 |

മേൽ പ്രൊജക്ട് പ്രകാരം പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തി തടയുന്നതിന് സി.സി.ടി.,വി സ്ഥാപിക്കുന്നതിന് മുന്നോടിയായി ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ, നെറ്റ് വർക്ക് ക്യാമറ, പവർ ഒപ്റ്റിമൈസർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി കണ്ണൂർ ജില്ലാപഞ്ചായത്തിന് ₹177000 (അക്കൗണ്ട് നമ്പർ- 110102510533) കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്നറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/26-10-23) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രവും പദ്ധതി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28-05-2022 ലെ സ. ഉ. (കൈ)115/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.5.1 ൽ സംരഭകത്വ വികസനവും നൈപുണ്യ വികസനവും പ്രധാന ഘടകങ്ങളായി ഉൾപ്പെടുത്തി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിക്കൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഒരു പദ്ധതി (LED Plan) കൂടി 2022-23 മുതൽ തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 04-01-2023 ലെ സ. ഉ. (കൈ)3/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പ്രാദേശിക സാമ്പത്തിക വികസന പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. മാലൂർ ഗ്രാമ പഞ്ചായത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും 04-01-2023 ലെ സ. ഉ. (കൈ)3/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള സംഘടനാ സംവിധാനം രൂപീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കുന്നതിനായി 26-10-2023 ന് നൽകിയ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രാദേശിക വികസനം സംബന്ധിച്ച സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ മാർഗ്ഗനിർദ്ദേശം പാലിക്കാത്തതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 തേനീച്ച കൃഷി പ്രോത്സാഹനം - അപാകങ്ങൾ- ₹ 66,600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 140/23 |
| പ്രോജക്റ്റിന്റെ പേര് | തേനീച്ച കൃഷി പ്രോത്സാഹനം |
| അടങ്കൽ | 66600 (വികസന ഫണ്ട്- ജനറൽ)<br>63600 (ഗുണഭോക്തൃ വിഹിതം)<br>-----------<br>ആകെ – 130200 |
| ചെലവ് | 66600 (വികസന ഫണ്ട്- ജനറൽ)<br>63600 (ഗുണഭോക്തൃ വിഹിതം നേരിട്ട് )<br>---------<br>ആകെ 130200 |

| | |
|---|---|
| ബിൽ നമ്പർ/ തീയതി | BRN: 22220452005501231645//22-02-2023: 63600<br>BRN: 22220452005501516681//28-03-2023 : 3000 – 63600 (ഗുണഭോക്തൃ വിഹിതം – നേരിട്ട് ചെലവഴിച്ചത്) |
| ഇൻവോയ്സ് നമ്പർ / തീയതി | 1167/30-01-2023, ഹോർട്ടികോർപ്പ്, മാവേലിക്കര |

തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മാലൂർ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയാണ് തേനീച്ച കൃഷി പ്രോത്സാഹനം പദ്ധതി. 106 തേനീച്ചപെട്ടികൾ @₹600 വാങ്ങിച്ച വകയിൽ മേൽ തുക നൽകിയിട്ടുണ്ട് പതിനാലാം പദ്ധതിയുടെ സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങളുടെ മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28-05-2022 ലെ ഖണ്ഡിക 6.1.32 പ്രകാരം തേനീച്ച കൃഷിക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1 നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്.

2 നിലവിൽ കൃഷി ഉള്ളവർക്ക് ഉൾപ്പെടെ ഒരു ഗുണഭോക്താവിന് 25 പുതിയ കൂടുകൾക്കു വരെ സബ്സിഡി നൽകാം.

3 ഒരു സെറ്റ് തേനീച്ചയും കൂടും അനുബന്ധ സാധനങ്ങൾക്കും ഉൾപ്പെടെയുള്ളവയുടെ യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിക്കണം.

4. ഗുണഭോക്താക്കൾക്ക് പരിശീലനം നൽകണം.

കൃഷി ഓഫീസർ നടപ്പിലാക്കിയ തേനീച്ച കൃഷി പ്രോത്സാഹനം എന്ന പദ്ധതിയിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ VOL -IXപേജ് നമ്പർ 11 പ്രകാരം 106 എണ്ണം ബീ & ബീ ഹൈവ് കോളനികൾ വാങ്ങിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയവ ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് വിതരണം ചെയ്തിട്ടുള്ളത് എന്നുള്ള കാര്യം വ്യക്തമല്ല. ഒരു സെറ്റ് തേനീച്ചയും കൂടും അനുബന്ധ സാധനങ്ങൾക്കും ഉൾപ്പെടെയുള്ളവയുടെ യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിച്ചതിന്റെ വിശദ വിവരം ലഭ്യമാക്കേണ്ടതാണ്.ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം, പദ്ധതി ഭൗതിക ലക്ഷ്യ പൂർത്തീകരണം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട 28-10-2023 ന നൽകിയ 27-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ(എം.എസ്)നം. 115/2022/തസ്വഭവ, തീയതി.28.5.2022) പ്രകാരമുള്ള സബ്സിഡി സംബന്ധിച്ച വ്യവസ്ഥകൾ/ മാനദണ്ഡങ്ങൾ പ്രോജക്ട് രൂപീകരണ ഫോറത്തിലും ഗുണഭോക്താക്കൾക്ക് നൽകുന്ന അപേക്ഷയിലും ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ് വിശദമായ മറുപടിയുടെയും മറ്റു ബന്ധപ്പെട്ട ചെലവ് രേഖകളുടെയും അഭാവത്തിൽ₹66,600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു, മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും ആയതു സംബന്ധിച്ച് മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്. പദ്ധതി നടത്തിപ്പിന് സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശം പാലിക്കാതെ പദ്ധതി നടപ്പിലാക്കിയ അപാകതയിലേക്ക് വികസന സ്റ്റാന്റിംഗ് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 തരിശ് പച്ചക്കറി കൃഷി വികസനം - അപാകങ്ങൾ -₹ 2,76,340-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 142/23 |
| പ്രോജക്റ്റിന്റെ പേര് | തരിശ് പച്ചക്കറി കൃഷി വികസനം |

| | |
|---|---|
| അടങ്കൽ | 176340(വികസന ഫണ്ട്- ജനറൽ,<br>100000 ജില്ലാ പഞ്ചായത്ത് വിഹിതം )<br>-----------------<br>ആകെ 276340 |
| ചെലവ് | 176340(വികസന ഫണ്ട്- ജനറൽ,<br>100000 ജില്ലാ പഞ്ചായത്ത് വിഹിതം )<br>--------------<br>ആകെ – 276340 |
| ബിൽ നമ്പർ/ തീയതി | BRN: 2222045200550l231647//22-02-2023 : 100000<br>BRN: 22220452005501443734//20-03-2023 : 100000<br>BRN: 22220452005501511980//28-03-2023 : 76340 |

തരിശ് ഭൂമിയിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മാലൂർ ഗ്രാമ പഞ്ചായത്തിലെ 7 ഹെക്ടർ തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള ധനസഹായം ഹെക്ടറിന് 40,000രൂപ (37,000 രൂപ കർഷകനും 3,000 രൂപ സ്ഥലം ഉടമക്കും) നൽകുന്നതാണ് പദ്ധതി. പദ്ധതി പ്രകാരം 20 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. പതിനാലാം പദ്ധതിയുടെ സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങളുടെ മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022 /ത.സ്വ.ഭ.വ തീയതി 28-05-2022 ലെ ഖണ്ഡിക 6.1.8 പ്രകാരം തരിശുഭൂമിയിലെ കൃഷിക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയത് പ്രകാരം മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്യാത്ത ഭൂമിയെയാണ് തരിശായി പരിഗണിക്കേണ്ടത്. ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. തരിശുഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് ആനുകൂല്യം നൽകാവുന്നത്. ആനുകൂല്യം രണ്ടു തവണകളായി നൽകാവുന്നതാണ്. ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്കു ശേഷവും. തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണ്ണമായി ഉപയോഗപ്പെടുത്തണം. തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുകയാണെങ്കിൽ സ്ഥിരം കൃഷിക്കുള്ള (Regular Farming) സഹായമേ അനുവദിക്കാവൂ.

കൃഷി ഓഫീസർ നടപ്പിലാക്കിയ തരിശ് പച്ചക്കറി കൃഷി വികസനം എന്ന പദ്ധതിയിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ധനസഹായം നൽകിയിരിക്കുന്നത്. തരിശു ഭൂമി സംബന്ധിച്ച കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. രണ്ടാം തവണ ആനുകൂല്യം നൽകിയപ്പോൾ പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ഇല്ല. മേൽ വിവരങ്ങൾ ലഭ്യമെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു 28-10-2023 ന നൽകിയ 26-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ(എംഎസ്)നം. 115/2022/തസ്വഭവ, തീയതി.28.5.2022) പ്രകാരമുള്ള സബ്സിഡി സംബന്ധിച്ച വ്യവസ്ഥകൾ/മാനദണ്ഡങ്ങൾ പ്രോജക്ട് രൂപീകരണ ഫോറത്തിലും ഗുണഭോക്താക്കൾക്ക് നൽകുന്ന അപേക്ഷയിലും ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ് വിശദമായ മറുപടിയുടെയും തരിശു ഭൂമി സംബന്ധിച്ച കൃഷി ഓഫീസറുടെ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ₹2,76,340 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. മേൽ പറഞ്ഞ അപാകങ്ങൾ പരിഹരിക്കേണ്ടതും തടസ്സം ഒഴിവാക്കേണ്ടതുമാണ്. സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ പദ്ധതി നടപ്പിലാക്കിയതിലേക്ക് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 വിളഗ്രാമം കശുമാവ് കൃഷി വികസനം - അപാകങ്ങൾ ₹764031 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |
| പ്രൊജക്ട് നമ്പർ / പേര് | 136/23 വിളഗ്രാമം കശുമാവ് കൃഷി വികസനം |

| | |
|---|---|
| അടങ്കൽ/ഫണ്ട് ഇനം | ₹764031 വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹764031 വികസന ഫണ്ട് ജനറൽ |
| ബിൽ നമ്പർ/ തീയ്യതി | 222204520055009O8007/12-12-2022 : ₹500000<br>222204520055011S3819/07-02-2023 : ₹ 250000<br>222204520055012З1652/22-02-2023 : ₹ 14031 |
| ഇൻവോയിസ് നമ്പർ/ തീയ്യതി | AFC/4(3) AGRI //28-11-2022 |

വിളഗ്രാമം കശുമാവ് കൃഷി വികസനം എന്ന മേൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആറളം ഫാമിംഗ് കോർപറേഷൻ കേരള ലിമിറ്റഡ് ൽ നിന്നും 15000 കശുമാവിൻതൈകൾ വാങ്ങി അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. (വിതരണ രജിസ്റ്റർ VOL- IX പേജ് 9) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ.ഉ. (കൈ) നം. 115/2022/തസ്വഭവ; തീയതി 28.05.2022 ഉത്തരവിലെ ഖണ്ഡിക 1-3(1) പ്രകാരം ജില്ലാതലത്തിൽ നിശ്ചയിക്കപ്പെട്ട യൂണിറ്റ് കോസ്റ്റിൽ അധികരിക്കാതെയാണ് ആറളം കൃഷി ഭവൻ ബ്ലോക്ക് ലെവൽ നഴ്സറിയിൽ നിന്നും കശുമാവിൻതൈകൾക്ക് വില ചുമത്തിയതെന്ന് ഉറപ്പാക്കാനായി ജില്ലാതലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല
2.പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ.ഉ. (കൈ) നം. 115/2022/തസ്വഭവ; തീയതി 28.05.2022 ഉത്തരവിലെ ഖണ്ഡിക 6-1-22 (4) പ്രകാരം കേരള കാഷ്യൂ കോർപറേഷനിൽ നിന്നും സൗജന്യമായി തൈകൾ ലഭിക്കുന്നില്ല എങ്കിൽ മാത്രമാണ് തൈകൾ വാങ്ങുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കുവാൻ അനുവാദം ഉള്ളത്. കാഷ്യൂ കോർപറേഷനിൽ നിന്നും സൗജന്യമായി തൈകൾ ലഭിക്കുവാനുള്ള സാദ്ധ്യതകൾ പരിശോധിച്ചിരുന്നതായുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയതു പരിശോധിച്ചിരുന്നോ എന്ന് വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട 27-10-2023 ന നൽകിയ 19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകയായ 764031 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ സംബന്ധിച്ച കൃത്യമായ മറുപടി ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-രേഖകൾ ലഭ്യമാക്കിയില്ല – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രൊജക്ട് നമ്പർ / പേര് | 83/23 – പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹500000 (വികസനഫണ്ട് -ജനറൽ)<br>₹500000 (മറ്റുള്ളവ)<br>ആകെ – ₹1000000 |
| ചെലവ് | ₹500000 (വികസനഫണ്ട് -ജനറൽ) |
| ബിൽ നമ്പർ/തീയ്യതി | 222204520059013 68861 / 16-03-2023 |

ഗ്രാമപഞ്ചായത്തിലെ 4-6 മാസം പ്രായമുള്ള കന്നുകുട്ടികൾക്ക് ശാസ്ത്രീയമായി സമീകൃത കാലിത്തീറ്റ 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പദ്ധതി. സംസ്ഥാന സർക്കാർ വിഹിതം ലഭിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് വിഹിതത്തിനൊപ്പം (25%), സംസ്ഥാന സർക്കാർ വിഹിതത്തിന് ആനുപാതികമായ തുകയും (25%) ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നാണ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. കാലിത്തീറ്റ വിതരണത്തിനായി 16-2-2023 ലെ 30/72/23 നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം മാലൂർ ക്ഷീര സഹകരണ സംഘത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ചുവടെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

A). പദ്ധതി പ്രകാരം 40 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണത്തിനായി ₹500000 (40x12500) എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് (കണ്ണൂർ) തുക നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പദ്ധതിയിൽ നിന്നും ഇടയ്ക്ക് വച്ച് കൊഴിഞ്ഞു പോയവരുടെ വിവരം.

B) ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം നടത്തിയതിന്റെ വിതരണ രജിസ്റ്റർ, പദ്ധതിയുടെ പുരോഗതി റിപ്പോർട്ട്. മേല്പറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതിനായി 27-10-2023 ന് നൽകിയ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകളും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-22 ഒഴിഞ്ഞ ടാർ ബാരൽവില തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് ഒടുക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ ധനകാര്യ കമ്മീഷൻ അവാർഡ്, മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരൽവില തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് ഒടുക്കാതെ, സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണ് (A/CNo-799013000000211) ക്രഡിറ്റ് ചെയ്തിരിക്കുന്നത്. ഒഴിഞ്ഞ ടാർ വീപ്പയുടെ വിലയും അതേ ഫണ്ടിൽ ഒടുക്കണമെന്ന സർക്കാർ നിർദ്ദേശം (സർക്കുലർ 59827/ എഫ് എം 07 ത സ്വ ഭ വ 30.10.2007, സർക്കാർ ഉത്തരവ് (പി )നം177 /2006 ധനം തീയതി12.04.2006ഖ -10.3) പാലിച്ചിട്ടില്ല. തുക അതാത് ഫണ്ടിൽ ഒടുക്കേണ്ടതാണ്

## 1-23 മരാമത്ത് പ്രവൃത്തി ഫയൽ സൂക്ഷിപ്പ് അപാകങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകളുടെ സൂക്ഷിപ്പിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1- ഫയലുകളിൽ പ്രോജക്ട്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ഉൾപ്പെടുത്തുന്നില്ല.

2-മിക്ക പ്രവൃത്തികളുടേയും പൂർത്തീകരണ തീയതി കരാറിൽ രേഖപ്പെടുത്തുന്നില്ല.

3-പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അതിനാൽ ഒരു പ്രോജക്ടിന് വേണ്ടി ചെലവഴിച്ച തുകയുടെ വിവരം കൃത്യമായി ലഭിക്കുന്നില്ല .

4-TR -7A കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. സബ്സിഡിയറി കാഷ് ബുക്ക് 1/23വരെ മാത്രമേ എഴുതിയിട്ടുള്ളൂ

5-ഫയലുകളിൽ തുക മാറിയതിന്റെ ബിൽ, തനത് ഫണ്ട് സംസ്ഥാനാവിഷ്കൃത ഫണ്ട് മുഖേന മാറുന്ന തുകയുടെ വൗച്ചർ/ചെക്ക് പകർപ്പ് സൂക്ഷിക്കുന്നില്ല. കരാറുകാരുടെ ബാങ്ക് അക്കൗണ്ട് പകർപ്പ് വച്ചിട്ടില്ല

6-മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നില്ല

7-മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഇല്ല.

പദ്ധതി നിർവ്വഹണത്തിന്റെ രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിച്ച്, ഫയൽ കുറ്റമറ്റതാക്കേണ്ടതാണ്

## 1-24 ആസ്തി സംരംക്ഷണം

പഞ്ചായത്ത് ഡയറക്ടറുടെ 08-11-18 ലെ സി2-15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറും വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി പ്രസിഡണ്ട് അധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടില്ല

സ.ഉ(കൈ)നമ്പർ 84/2022 ത.സ്വ.ഭ.വ തീയ്യതി 19-04-22 (ഖണ്ഡിക 6.8) പ്രകാരം മെയിന്റനൻസ് ഫണ്ടും തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണമെന്നുംസേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലെ ആസ്തി മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനുംവേണ്ട നിർദ്ദേശങ്ങൾ ആസ്തി സംരക്ഷണ പദ്ധതിയിൽ

ഉൾപ്പെടുത്തേണ്ടതാണെന്നും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ചും സേവന നിലവാരം ഉയർത്തിയും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്കവിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യണമെന്നും നിർദ്ദേശിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റോഡ് രജിസ്റ്ററും റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും പൂർത്തിയായിട്ടില്ല. R Tract Software പ്രവർത്തനക്ഷമമല്ലാത്തതിനാൽ 65% പ്രവൃത്തികൾ മാത്രമേ പൂർത്തീയായിട്ടുള്ളൂ

ഗ്രാമ പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമിയെകുറിച്ചുള്ള പൂർണ്ണ വിവരങ്ങളും വില്ലേജ് ഓഫീസ്സിൽ നിന്നും ലഭ്യമായിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല, എന്നാൽ എം ജി എൻ ആർ ഇ ജി എസ് പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡ് പ്രവൃത്തികൾ മുഴുവനും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവിനനുസരിച്ച് ആസ്തി പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

## 1-25 മുറ്റത്തൊരു മീൻതോട്ടം - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ട് നമ്പർ, പേര് | 175/23, മുറ്റത്തൊരു മീൻതോട്ടം |
| അടങ്കൽ | ₹24000 വികസന ഫണ്ട്, ജനറൽ<br>₹36000 മറ്റുള്ളവ<br>ആകെ – ₹60000 |
| ചെലവ്<br>ബിൽ നമ്പർ, തീയതി | ₹24000, 22220452013200983882, 31-12-2022<br>₹36000 (ഗുണഭോക്താവ് നേരിട്ട്)<br>----------<br>ആകെ – ₹60000 |

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി മത്സ്യകൃഷി ചെയ്യുന്നതിന് പോളിത്തീൻ ഷീറ്റ്, അനുബന്ധ സാമഗ്രികൾ എന്നിവ ഉപയോഗിച്ച് ബണ്ട് ഉൾപ്പെടെയുള്ള കുളം നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. വിഷരഹിത മത്സ്യം പ്രാദേശികമായി ഉറപ്പുവരുത്തുക, സ്വന്തമായി കുളങ്ങളില്ലാത്ത മത്സ്യകൃഷിയോട് താത്പര്യമുള്ള കുടുംബശ്രീ അയൽക്കൂട്ടം, സ്വയംസഹായ സംഘം, കർഷകർ എന്നിവരെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. ടാർപ്പോളിൻ ഷീറ്റ്, വാട്ടർപമ്പ്, വെഞ്ചുറി പമ്പ്, മറ്റ് അത്യാവശ്യ ഉപകരണങ്ങൾ എന്നിവ വാങ്ങി ഉപയോഗപ്പെടുത്തി പരുവപ്പെടുത്തിയ കുളത്തിൽ 1.25 മീ. ഉയരത്തിൽ ശുദ്ധജലം നിറച്ച് ഫിഷറീസ് വകുപ്പിൽ നിന്നും ഈ പദ്ധതിക്കായി സൗജന്യമായി ലഭ്യമാക്കുന്ന മീൻകുഞ്ഞുങ്ങളെ യഥാവിധി നിക്ഷേപിച്ച് പരിപാലിച്ച് വളർത്തി വിളവെടുത്ത് ലഭിക്കുന്ന പോഷക സമ്പുഷ്ടമായതും വിഷരഹിതവുമായ മത്സ്യം ഭക്ഷ്യാവശ്യത്തിന് ഉപയുക്തമാക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയിൽ തൻവർഷം 3 ഗുണഭോക്താക്കൾക്ക് സബ്സിഡിയായി ₹8000 വീതം ആകെ 24000 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയ്യതി.28.05.22 ഖണ്ഡിക 6.4.13 A(4) പ്രകാരം കുളം നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തണമെന്നും തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതത് യൂണിറ്റിൽ കുറവ് വരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സാധ്യത പഞ്ചായത്ത് പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല. ധനസഹായം അനുവദിച്ച 3 ഗുണഭോക്താക്കൾക്കും കുളം നിർമ്മാണത്തിന് അർഹമായ മുഴുവൻ തുകയും ധനസഹായം ആയി അനുവദിച്ചിട്ടുണ്ട്. കുളം നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിനായി 27-10-2023 ന് നൽകിയ 14-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് പ്രോജക്ട് സമയബന്ധിതമായി തീർക്കാൻ പെട്ടെന്ന് കുളം കഴിക്കേണ്ടത് അനിവാര്യമായ സാഹചര്യത്തിൽ ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്ക് കുളം കുഴിക്കുകയായിരുന്നു എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മാർഗ്ഗ നിർദ്ദേശ പ്രകാരം സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ സമയക്രമം മുൻകൂട്ടി നിശ്ചയിച്ച് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയ്യതി. 28.05.22 ഖണ്ഡിക 13 A(7) പ്രകാരം മത്സ്യ കൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷൂറൻസ് സ്കീമിന്റെ ഭാഗമാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗോകുലൻ ആർ, രഞ്ജിത്ത് പി, ബീന വി പി എന്നീ ഗുണഭോക്താക്കൾ ഇപ്രകാരം മത്സ്യ കൃഷി ഇൻഷൂർ ചെയ്തതിന്റെ രേഖകൾ

ലഭ്യമാക്കാൻ മേല്പറഞ്ഞ ഓഡിറ്റ് എൻക്വയറി നൽകിയതിന്, 2022-23 വർഷം സർക്കാർ തലത്തിൽ ഇൻഷ്വറൻസ് സംബന്ധിച്ച് തീരുമാനമാകാതിരുന്നതിനാലാണ് ഈ പ്രോജക്റ്റിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ മത്സ്യക്കൃഷി ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്താൻ സാധിക്കാതിരുന്നത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗുണഭോക്താക്കൾക്ക് സാമ്പത്തിക നഷ്ടം വരാത്ത രീതിയിൽ മത്സ്യക്കൃഷി നടത്തുന്നതിനായി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ലൈഫ് ഭവന നിർമ്മാണ പദ്ധതി- 2020-21-ൽ കരാർ വച്ച വീടുകൾ പൂർത്തീകരിച്ചില്ല.

ലൈഫ് ഭവന പദ്ധതി (മൂന്നാം ഘട്ടം) പ്രകാരം 2020-21 സാമ്പത്തിക വർഷം ഭവനനിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ട ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു അനുവദിച്ച തീയതി | നാളിതുവരെ അനുവദിച്ച തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 1 | അരുണ എം പി (SC, അഡീഷണൽ) | 16-12-2021 | 300000 | വീട് നിർമ്മാണം ലിന്റ ൽ സ്റ്റേജ് വരെ പൂർത്തി യായിട്ടുണ്ട്. ഗുണഭോ ക്താവ് കുടുംബത്തെ ഉപേക്ഷിച്ച് പോയി. വീട് നിർമ്മാണത്തിന് ഭർത്താവ് ദാനം ചെയ്ത ഭൂമി ആയതിനാൽ ഭൂമി തിരികെ ലഭിക്കുന്നതിന് ഭർത്താവ് കോടതിയെ സമീപിച്ചു. സ്ഥലം തിരി കെ ലഭിക്കുന്ന മുറയ്ക്ക് വീട് നിർമ്മാണം പൂർത്തീകരിക്കും |
| 2 | വിനീത് ഏനിയാടൻ (ST, അഡീഷണൽ) | 26-03-2021 | 540000 | ഭവന നിർമ്മാണം മേൽ ക്കൂര വരെ പൂർത്തിയാ യിട്ടുണ്ട്. കുടുംബപരമായ കാരണങ്ങളാൽ പൂർത്തീ കരിക്കുവാൻ സാധിക്കു ന്നില്ല എന്നും 2024 മാർച്ച് മാസത്തിനുള്ളി ൽ പൂർത്തീകരിക്കുമെ ന്നും ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്. |
| 3 | സന്തോഷ് കെ (ST, അഡീഷണൽ) | 26-03-2021 | 550000 | ഭവന നിർമ്മാണം മേൽ ക്കൂര വരെ പൂർത്തിയാ യിട്ടുണ്ട്. 2024 മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് ഗുണഭോക്താവ് അറിയി ച്ചിട്ടുണ്ട്. |

മേൽപറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതിവിവരം അറിയിക്കുന്നതിന് 30-10-2023 ന് 31-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് മേൽ പറഞ്ഞ മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്റ്റ് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ

സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-27 ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി - ₹100000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും 1 ലക്ഷം രൂപ ചെലവഴിച്ച് ഷാജി ടി കെ എന്ന ഗുണഭോക്താവിന് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങിച്ച് നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 79/23<br>ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം |
| അടങ്കൽ | ₹100000 വികസന ഫണ്ട് - ജനറൽ |
| ചെലവ് | ₹100000 ബിൽനമ്പർ:79/23/28-03-2023 |

സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28-05-2022 ഖണ്ഡിക 7.1.4(2) പ്രകാരം ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ പ്രോജക്ട് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രം ഏറ്റെടുക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ നം. ഡി എ 1/387/2022 ത.സ്വ.ഭ.വ തിയ്യതി 08-11-2022 സർക്കുലർ പ്രകാരവും ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ പോലുള്ള ചെലവ് കൂടിയ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതുപോലുള്ള പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ വഴി നടപ്പിലാക്കുമ്പോൾ ജില്ലാപഞ്ചായത്ത് വഴി മാത്രം വാങ്ങേണ്ടതും ഗ്രാമപഞ്ചായത്ത് വഴി മാത്രം വിതരണം ചെയ്യേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് 28-10-2023 ന നൽകിയ 28ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റ് സമയത്തു മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി പണം ചെലവഴിച്ചതിനാൽ ചെലവ് തുക ₹100000 തടസ്സപ്പെടുത്തുന്നു. മാർഗ്ഗരേഖ നിർദ്ദേശം ലംഘിച്ച് ജില്ലാ പഞ്ചായത്ത് വഴിയല്ലാതെ നേരിട്ട് പദ്ധതി നിർവ്വഹണം നടത്തിയത് സംബന്ധിച്ച് വ്യക്തമായ വിശദീകരണം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1- 28 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നം | 77/23 |
| പ്രോജക്റ്റിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ | 111000 (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 111000 (വികസന ഫണ്ട്- ജനറൽ) |
| ബിൽ നമ്പർ/ തീയതി | BRN: 22220452005700996511//05-01-2023<br>: 111000 |

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(എംഎസ്)നം. 115/2022/തസ്വഭവ, തീയതി.28.5.2022) പ്രകാരം നിരാലംബരായ 60

വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും 60 വയസ്സിൽ താഴെയുള്ള ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി 4350/- രൂപയിൽ അധികരിക്കാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ടി പദ്ധതിയിൽ മുൻവർഷങ്ങളിലെ പോലെ നിശ്ചിത വരുമാനപരിധിയിൽ താഴെയുള്ള 65 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് 30 കട്ടിലുകൾ വാങ്ങി വിതരണം നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കൾ നിരാലംബരാണെന്നൊ, ശയ്യാവലംബരാണെന്നൊ തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് സംബന്ധിച്ച് അധിക വിവരം ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു 30-10-2023 ന നൽകിയ 31ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ നിബന്ധനകൾ പാലിച്ച എന്ന് ഉറപ്പ് വരുത്തിയ ശേഷമാണ് പദ്ധതി നടപ്പിലാക്കിയത് എന്ന് അറിയിച്ചു. എന്നാൽ നിബന്ധനകൾ പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്ത നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ, സബ്സിഡി മാർഗ്ഗരേഖ (സ.ഉ(എംഎസ്)നം. 115/2022 /തസ്വഭവ, തീയതി.28.5.2022) പ്രകാരമുള്ള സബ്സിഡി സംബന്ധിച്ച വ്യവസ്ഥകൾ/ മാനദണ്ഡങ്ങൾ പ്രോജക്ട് രൂപീകരണ ഫോറത്തിലും ഗുണഭോക്താക്കൾക്ക് നൽകുന്ന അപേക്ഷയിലും ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-29 മഴക്കാലപൂർവ്വശുചീകരണം - രേഖകൾ ലഭ്യമാക്കിയില്ല. ₹47,383 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വാർഡ്തല സാനിറ്റേഷൻ പ്രവർത്തനങ്ങൾക്ക് ശുചിത്വ മിഷൻ വിഹിതമായി ലഭിക്കുന്ന തുക തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 22200938/10.01.2023 പ്രകാരം ₹1,50,000 (15x10,000) ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസർ, പി.എച്ച്.സിക്ക് കൈമാറിയിട്ടുണ്ട്.

1)2,3,8,9,11,12,14 എന്നീ വാർഡുകളിലെ ശുചിത്വ മിഷൻ വാർഡ് ഹെൽത്ത് കൺവീനർമാർ ചെലവുരേഖകൾ ലഭ്യമാക്കിയിട്ടുണ്ട്.
2)7,10,13,15 വാർഡുകളിൽ യഥാക്രമം 4090,200,1000,2093 രൂപയുടെ വൗച്ചറുകൾ ലഭ്യമാക്കുവാൻ ബാക്കിയുണ്ട്. അതിനാൽ ₹7,383-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു
3)4,5,6 വാർഡുകളിലെ തുക ചെലവഴിച്ചതിന്റെ വൗച്ചറുകളും വിനിയോഗ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അതിനാൽ ₹30,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു
4)വാർഡ് I ലെ ചെലവ് വിവരങ്ങൾ ലഭ്യമാക്കിയെങ്കിലും എൻ എച്ച് എം, ശുചിത്വ മിഷൻ ഫണ്ടുകൾ ഒരുമിച്ച് അക്കൗണ്ട് ചെയ്തതിനാൽ വ്യക്തമായ ചെലവു വിവരങ്ങൾ ലഭിച്ചിട്ടില്ല. അതിനാൽ ₹10,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു
മുഴുവൻ വാർഡുകളുടെ ചെലവുരേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (37/31.10.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 47,383 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവുരേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മഴക്കാലപൂർവ്വ ശുചീകരണം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.02.2021-ലെ ഡി.സി.1/26/2021 നമ്പർ സർക്കുലറിലും 27.05.2021-ലെ ജി.ഒ.(ആർ.ടി.) 1052/21 ഉത്തരവിലും നിർദ്ദേശിച്ചവിധം തദ്ദേശ സ്വയംഭരണ സ്ഥാപനം മുൻകൂറായി ചെലവഴിച്ചിട്ടുള്ള ശുചിത്വമിഷൻ ഫണ്ട്, ശുചിത്വമിഷനിൽ നിന്ന് തിരിച്ചു ലഭിച്ച വിരവങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 മാലൂർ പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ- ₹70,639 യുടെ മരുന്ന് ലഭ്യമായില്ല - ₹70639-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നമ്പർ / പേര് | 16/23 മാലൂർ പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹3,50,000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹3,49,996<br>ബിൽ നമ്പർ : 102/30.11.2022 |

മാലൂർ പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം ₹3,49,996 കേരള മെഡിക്കൽ സർവീസസ്

കോർപ്പറേഷന് നൽകിയിട്ടുണ്ട്. ആയതിൽ താഴെ കൊടുത്തിരിക്കുന്ന ഇൻവോയിസുകൾ പ്രകാരം 2,79,357/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ /തീയ്യതി | ലഭിച്ച മരുന്നിന്റെ വില |
|---|---|---|
| 1 | 23499/18.01.2023 | 19712 |
| 2 | 23703/27.01.2023 | 55440 |
| 3 | 24936/15.02.2023 | 12320 |
| 4 | 27261/20.03.2023 | 37212 |
| 5 | 70/01.04.2023 | 3575 |
| 6 | 680/11.04.2023 | 4932 |
| 7 | 2697/09.05.2023 | 1846 |
| 8 | 2700/09.05.2023 | 3360 |
| 9 | 4389/19.05.2023 | 4234 |
| 10 | 6551/29.05.2023 | 3495 |
| 11 | 7708/05.06.2023 | 15062 |
| 12 | 7802/06.06.2023 | 4704 |
| 13 | 8747/12.06.2023 | 3556 |
| 14 | 9021/14.06.2023 | 35 |
| 15 | 10028/20.06.2023 | 20863 |
| 16 | 10548/24.06.2023 | 10080 |
| 17 | 10551/24.06.2023 | 2974 |
| 18 | 10896/27.06.2023 | 6394 |
| 19 | 11090/30.06.2023 | 15588 |
| 20 | 11747/06.07.2023 | 18234 |

| | | |
|---|---|---|
| 21 | 14721/29.07.2023 | 24776 |
| 22 | 16011/14.08.2023 | 2912 |
| 23 | 16345/18.08.2023 | 1568 |
| 24 | 17826/18.09.2023 | 1254 |
| 25 | 18574/23.09.2023 | 4592 |
| 26 | 18794/03.10.2023 | 639 |
| | ആകെ | 2,79,357 |

₹70,639 (3,49,996-2,79,357) യുടെ മരുന്ന് ലഭ്യമാകാൻ ബാക്കിയുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/28.10.2023) ₹70,639 യുടെ മരുന്ന് ലഭ്യമായില്ലെന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാവാത്തതിനാൽ ₹70,639 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത വിവരങ്ങൾ സഹിതം രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 ദീർഘകാല രോഗികളുടെയും മാറാ രോഗികളുടെയും ഗൃഹപരിചരണത്തിനുള്ള ഹോംകെയർ സംവിധാനം - 79,833/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| പ്രോജക്ട് നമ്പർ, പേര് | 18/23, ദീർഘകാല രോഗികളുടെയും മാറാ രോഗികളുടെയും ഗൃഹ പരിചരണത്തിനുള്ള ഹോംകെയർ സംവിധാനം |
| അടങ്കൽ ₹10,00,000 | ₹8,50,000 വികസന ഫണ്ട് പൊതുവിഭാഗം<br>₹1,50,000 ജില്ലാ പഞ്ചായത്ത് |
| ആകെ ചെലവ് ₹ 9,42,460 | ₹7,92,580 വികസന ഫണ്ട് പൊതുവിഭാഗം<br>₹1,49,880 ജില്ലാ പഞ്ചായത്ത് |
| തുക, ബിൽ നമ്പർ/ തീയതി | 1) ₹37,110 (11/27.05.2022)<br>2) ₹37,110 (16/13.06.2022)<br>3) ₹37,470 (26/06.07.2022)<br>4) ₹11,760 (32/30.07.2022)<br>5) ₹44,570 (39/18.08.2022)<br>6) ₹37,470 (51/12.09.2022)<br>7) ₹37,470 (69/14.10.2022)<br>8) ₹37,470 (84/14.11.2022) |

| | |
|---|---|
| | 9) ₹37,470 (104/03.12.2022)<br>10) ₹3,00,000 (144/27.12.2022)<br>11) ₹37,470 (162/13.01.2023)<br>12) ₹1,49,880 (178/18.01.2023) (ജില്ലാ പഞ്ചായത്ത് വിഹിതം )<br>13)₹24,800 (193/01.02.2023)<br>14) ₹37,470 (215/14.02.2023)<br>15)₹37,470 (280/16.03.2023)<br>16)₹37,470 (323/28.03.2023) |

പഞ്ചായത്തിലെ ദീർഘകാല രോഗികളുടെയും മാറാ രോഗികളുടെയും ഗൃഹപരിചരണത്തിനായി പാലിയേറ്റീവ് കെയർ നഴ്സിന്റെ വേതനം, വാടകയ്ക്കെടുത്ത വാഹനത്തിന്റെ പ്രതിദിന ചാർജ്ജ്, ഹോംകെയർ, മരുന്ന് വാങ്ങൽ, മറ്റ് ചെലവുകൾ എന്നീയിനങ്ങളിലെ ചെലവുകൾക്കായാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകങ്ങളുണ്ട്.

1) മരുന്ന് ലഭ്യമാക്കുന്നതിനായി ബിൽ നം. 144/27.12.2022 പ്രകാരം ₹3,00,000 രൂപയും, ഉപകരണങ്ങൾ വാങ്ങുന്നതിനായി ബിൽ നമ്പർ- 178/18.01.2023 പ്രകാരം 1,49,880/- രൂപയും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ആയതിൽ 2,35,631/ രൂപയുടെ മരുന്നുകളും, ₹1,34,416 യുടെ ഉപകരണങ്ങളും മാത്രമാണ് ലഭ്യമായത്. ബാക്കിയുള്ള 64,369/- രൂപയുടെ മരുന്നുകൾ, ₹15,464 യുടെ ഉപകരണങ്ങൾ എന്നിവ ലഭ്യമാകാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(30/30.10.2023) ക്ക് മറുപടിയായ് മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ മുഴുവനായി ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ 79,833/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന്, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത വിവരങ്ങൾ സഹിതം രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2)കിടപ്പിലായ രോഗികളുടെ വീട്ടിലെത്തി പരിചരണം നൽകുന്നതിനു വേണ്ടി ഹോം കെയർവാഹനം ഓടിയതിന്റെ ട്രിപ്പ് ഷീറ്റ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ക്ഷേമകാര്യസ്റ്റാന്റിഗ് കമ്മിറ്റി എന്നിവയുടെ പാലിയേറ്റീവ് കെയർ സംബന്ധിച്ച പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയവ സൂക്ഷിച്ചിട്ടുള്ളതായി 30/30.10.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല.രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-32 പി എച്ച് സി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് തുക കൈമാറിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ചെലവ് തുക ₹16,16,471 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്റ്റ്നമ്പർ ,പേര് | 122/23<br>പി എച്ച് സി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് തുക കൈമാറൽ |
| അടങ്കൽ ₹ 16,20,000 | ₹ 3,529/- തനത് ഫണ്ട്<br>₹16,16,471/- മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് /ബിൽ നം. /തീയ്യതി | ആകെ = ₹16,16,471 (മെയിന്റനൻസ് ഫണ്ട് റോഡിതരം)<br>1) ₹ 8,06,471 (297/24.03.2023)<br>2)₹8,10,000(296/24.03.2023) |

ആരോഗ്യരംഗത്ത് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി പി.എച്ച്.സി കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുന്നതിന് വേണ്ടി സാമ്പത്തിക സഹായം ലഭ്യമാക്കുക എന്നതാണ് പ്രോജക്ട്. പദ്ധതിയുടെ ഭാഗമായി, കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് District Health And Family Welfare Society, Kannur ന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 018101010266) ₹16,16,471 നൽകിയിട്ടുണ്ട്. മേൽ തുക District Health And Family Welfare Society, Kannur ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കുന്നതിനായ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/28.10.2023) മറുപടിയായി കെട്ടിട നിർമ്മാണം പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹16,16,471-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-33 ക്ഷേമ പെൻഷൻ അനുവദിച്ചതിലെ അപാകങ്ങൾ.

ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധിച്ചപ്പോൾ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| 1 | എം കാദർ<br>111750201076 | ഇന്ദിരഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 14-2-2023 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2023 ജൂൺ മാസം വരെ പെൻഷൻ തുക @600 ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| | എം കാദർ<br>2220244696 | കർഷക പെൻഷൻ | 14-2-2023 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2023 ജൂൺ മാസം വരെ പെൻഷൻ തുക @1600 ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 2 | കൃഷ്ണൻ വാഴവളപ്പിൽ (നരിക്കോടൻ)<br>2220244482 | കർഷക പെൻഷൻ | 12-3-2023 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2023 ജൂൺ മാസം വരെ പെൻഷൻ തുക @1600 ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 3 | വളയങ്ങാടൻ ഗോവിന്ദൻ<br>2220244589 | കർഷക പെൻഷൻ | 8-4-2022 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2023 ജൂൺ മാസം വരെ പെൻഷൻ തുക @1600 ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 4 | കുന്നമ്മൽ മനോഹരൻ<br>11750400193 | ഇന്ദിരഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 30-4-2022 | സസ്പെൻഡ് ചെയ്തിട്ടുണ്ട്. |
| | കുന്നമ്മൽ | കർഷക | 30-4-2022 | പെൻഷൻ സ്റ്റാറ്റസ് |

| | | | | |
|---|---|---|---|---|
| | മനോഹരൻ 2220244936 | പെൻഷൻ | | ആക്ടീവ് ആണ്. 2023 ജൂൺ മാസം വരെ പെൻഷൻ തുക @1600 ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 5 | കുഞ്ഞിക്കണ്ണൻ കെ 2220363876 | കർഷക പെൻഷൻ | 25-4-2022 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2023 ജൂൺ മാസം വരെ പെൻഷൻ തുക @1600 ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| | കുഞ്ഞിക്കണ്ണൻ കെ 2220323146 | കർഷക പെൻഷൻ | 25-4-2022 | സസ്പെൻഡ് ചെയ്തിട്ടുണ്ട്. |

ഇത് സംബന്ധിച്ച് 34/30.10.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക തിരിച്ചടച്ച് വിവരം ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരണശേഷം അനുവദിക്കപ്പെട്ട കർഷക പെൻഷൻ തുകയുടെ കൃത്യത കൃഷി ഓഫീസിൽ നിന്ന് രേഖാമൂലം ഉറപ്പ് വരുത്തി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ അക്കൗണ്ടിലേക്ക് തിരിച്ചടവാക്കാൻ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകാവുന്നതാണ്. മരണമടഞ്ഞ ഗുണഭോക്താവ് രണ്ട് പെൻഷൻ വാങ്ങുന്ന സംഗതികളിൽ സാമൂഹിക സുരക്ഷാ പെൻഷൻ മാത്രമാണ് യഥാസമയം സസ്പെൻഡ് ചെയ്യപ്പെടുന്നത്. ഗുണഭോക്താവിന് ക്ഷേമനിധി ബോർഡ്/കൃഷി വകുപ്പ് വഴി അനുവദിക്കുന്ന പെൻഷൻ ഇങ്ങനെ യഥാസമയം സസ്പെൻഡ് ചെയ്യപ്പെടുന്നില്ല. മരണം റിപ്പോർട്ട് ചെയ്യുമ്പോൾ അന്വേഷണ ചുമതലയുള്ള ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട വ്യക്തിയുടെ ആധാർ പരിശോധിച്ച് ഏതൊക്കെ പെൻഷൻ കൈപ്പറ്റുന്നുണ്ട് എന്ന് ഉറപ്പ് വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനം ആയത് അതത് ബോർഡ്/വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതുമാണ്. മേല്പറഞ്ഞ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും മാലൂർ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് മരണശേഷം അനുവദിച്ച പെൻഷൻ തുക ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി ഒടുക്കേണ്ടതുമാണ്. ധനകാര്യ (SFC Cell B) വകുപ്പിന്റെ 23.01.2020ലെ സർക്കുലർ 07/20ലെ നിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ നടപ്പിൽ വരുത്തുന്നു എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-34 തനതുവരുമാന വർദ്ധനവ് - അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. മാലൂർ ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റിന്റെ അവലോകനം താഴെ കൊടുക്കുന്നു.

I.വസ്തുനികുതി

വസ്തുനികുതി പരിഷ്കരണ മാർഗനിർദേശം പാലിച്ച് അടിസ്ഥാന നികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിന് എ2 -2279/2023 തീയതി 11.09.2023 പ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും 10/08/2023 മുതൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടുമുണ്ട്. ഒരു മൊബൈൽ ടവറിന്റെ വസ്തുനികുതി ഇനത്തിൽ കുടിശ്ശിക പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. ടി കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് കേസ് ഫയൽ ചെയ്തിട്ടുണ്ട്.

II.അനധികൃതനിർമാണം

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9

ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 331 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

III.സേവനഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. മാലൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

IV.തൊഴിൽനികുതി

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പ്രതീക്ഷിത വർഷം തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ ആൾക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിലൂടെ പ്രൊഫഷണൽസ്, മരാമത്ത് കരാറുകാർ, മറ്റ് കച്ചവടസ്ഥാപനങ്ങളിലെ തൊഴിലാളികൾ എന്നിവരുടെ തൊഴിൽ നികുതി കൃത്യമായി ഈടാക്കാൻ സാധിക്കുന്നതാണ്.

V. FTE&OS ലൈസൻസ്

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് ഭരണസമിതി അംഗീകാരത്തിന് വിധേയമാക്കിയിട്ടില്ല. സ്ഥാപനലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടുതൽ തുക മുതൽമുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവസമാഹരണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ) 784/22/തസ്വഭവ 19.4.2022 ഖണ്ഡിക 5.1-ലെ പൊതു നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.)

## 1-35 ഡെപ്പോസിറ്റ് പ്രവൃത്തികൾ - അവലോകനം

ഗ്രാമപഞ്ചായത്ത് 2018-19 വർഷം മുതൽ കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ അതോറിറ്റി തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ തുക നൽകിയതിന്റെ വിവരങ്ങൾ പരിശോധനക്ക് വിധേയമാക്കുകയുണ്ടായി. അവയിൽ ഏജൻസികളുമായി എഗ്രിമെന്റിൽ ഏർപ്പെടുകയോ നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കുകയോ വിനിയോഗവിവരം ലഭ്യമാക്കുകയോ ചെയ്യാത്തവയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ / പ്രവൃത്തി | നിർവ്വഹണ ഏജൻസി | ഡെപ്പോസിറ്റ് ചെയ്ത | ഡെപ്പോസിറ്റ് ചെയ്ത | നിർവ്വഹണ ഏജൻസി | തുക തിരിച്ചു കിട്ടിയിട്ടു | ക്രമീകരിക്കാൻ |
|---|---|---|---|---|---|---|---|

| | യുടെ പേര് | | തുക | വർഷം/ എഗ്രിമെന്റ് നം/തീയതി | വിനിയോ ഗിച്ച തുക | ണ്ടെ ങ്കിൽ ആയ തിന്റെ വിവര ങ്ങൾ | ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| 1 | 121/2022 അങ്കണവാടി കൾക്ക് കുഴൽക്കിണർ നിർമ്മാണം പ്ലംബിങ് മോട്ടോർ ഘടിപ്പിക്കൽ കുഴൽക്കിണർ | ഭൂജല വകുപ്പ് | 53000 | 2021-22 | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് തുക അനുവദിക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി തദ്ദേശ സ്ഥാപനത്തിനു നൽകേണ്ടതാണ്. ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ ആയി നൽകാവൂ. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയ ബന്ധിതമായ പൂർത്തീകരണം സെക്രട്ടറി ഉറപ്പാക്കേണ്ടതുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസിക്ക് തുക നൽകുമ്പോൾ കരാർ ചമക്കേണ്ടതാണ്. (സ.ഉ.കൈ നം.84/22/തസ്വഭവ തീയതി 19.04.22 ഖണ്ഡിക 12(സി)2 കാണുക).

ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടത് സംബന്ധിച്ച തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 09.03.22ലെ ഡി.എ.64/22, 10.07.22ലെ ഡി.എ.179/22 സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കൃത്യമായ നടപ്പിലാക്കുന്നു എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| 2022-23 | 21.10.23, 25.10.2023 | കെ.എസ്.എ/കെ.എൻ.ആർ/സി.11 /1690/2023 തീയതി - 16-11-2023 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര്&നം | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് വിഹിതം | 149880 | ദീർഘകാല രോഗികളുടെയും മാറാരോഗികളുടെയും ഗൃഹപരിചരണത്തിനുള്ള ഹോംകെയർ സംവിധാനം 18/23 | 149880 | 0 |
| | 80250 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് 23/23 | 80250 | 0 |
| | 463400 | ലൈഫ് ഭവന പദ്ധതി 108/23 | 463400 | 0 |
| | 228100 | ക്ഷീരകർഷകർക്ക് പാലിന് ഇൻസൻറീവ് 127/23 | 228100 | 0 |
| | 100000 | തരിശ് പച്ചക്കറി കൃഷി വികസനം 142/23 | 100000 | 0 |
| | 144058 | വനിത ഫിറ്റ്നസ് സെൻറർ 144/23 | 144058 | 0 |
| | 100000 | ലൈഫ് ഭവന പദ്ധതി-പട്ടികജാതി വിഭാഗം 213/23 | 100000 | 0 |
| ആകെ | 12,65,688 | | 12,65,688 | |
| പേരാവൂർബ്ലോക്ക് പഞ്ചായത്ത് വിഹിതം | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് 23/23 | 200000 | 0 |
| | 400000 | ലൈഫ് ഭവന പദ്ധതി 108/23 | 400000 | 0 |
| | 150000 | സമഗ്ര നെൽകൃഷി വികസനം 109/23 | 150000 | 0 |
| | 50000 | കരനെൽ കൃഷി വികസനം 115/23 | 50000 | 0 |
| | 200000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസൻറീവ് 127/23 | 200000 | 0 |
| | 300000 | ലൈഫ് ഭവന പദ്ധതി-പട്ടികജാതി വിഭാഗം 213/23 | 300000 | 0 |

| | | | | |
|---|---|---|---|---|
| ആകെ | 13,00,000 | | 13,00,000 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 155/23- തെരുവ് വിളക്ക് മെയിൻ ലൈൻ വലിക്കൽ | 1)TRN.22220452011 401222970 Dtd 21/02/2023 2)288/20.3.23 (എ.സി.ആർ. ബിൽ നമ്പർ & തുക) | 1)497821 2)99946 | 597767 | 0 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 210/23- സ്ട്രീറ്റ്ലൈറ്റ് മീറ്റർ സ്ഥാപിക്കുന്നതിന് കെ എസ് ഇ ബിക്ക് തുക നൽകൽ | TRN.22220452011 401163543 Dtd 07/02/2023 | 18906 | 18906 | 0 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 216/23- എംസിഎഫിൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് ത്രീ ഫേസ് കണക്ഷൻ | 22201282 Dtd 31/03/2023 | 8540 | 8540 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

2022-23 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തൻവർഷം തിരിച്ചടച്ച തുകയുടെയും വിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി |
|---|---|---|---|---|---|

| | | | ₹ | ₹ | | ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി-രണ്ടാം ഘട്ടം | GO(MS)No.68/2018/LSGD Dt 18/5/2018 | 22,13,779 | 15,53,779 | 3,87,396 | - | 11,66,383 |

## 4-6 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| വർഷം | 2022-23 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,010 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20,010 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20,010 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരങ്ങൾ

| ക്രമ നമ്പർ | നിക്ഷേത്തിന്റെ വിവരം | തുക |
|---|---|---|
| 1 | മലബാർ ടൂറിസം ഡവലെപ്മെന്റ് കോർപ്പറേഷനിലെ ഷെയർ നമ്പർ,തീയതി.4464/15.5.2004 | 20,010 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹ 53,340വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും | രശീതി നമ്പർ&തിയ്യതി |
|---|---|---|---|---|
| 2015-16 | 2-2 | 50 | കള്ള്ഷാപ്പ്, ശിവപുരം | 1220101687 Dt 25/9/22 |
| 2015-16 | 2-2 | 240 | കള്ള്ഷാപ്പ്, ശിവപുരം | 1220101688 Dt 25/9/22 |
| 2015-16 | 2-2 | 50 | ലഭ്യമല്ല തോലമ്പ്ര ക്ഷീര സഹകരണ സംഘം | 1220101689 Dt 25/9/22 |
| 2016-17<br>2017-18 | 2-5<br>2-6 | 50+50 | എപി കാദർ | 1220101666 Dt 24/9/22 |
| 2016-17<br>2017-18 | 2-5<br>2-6 | 50+50 | വാസു | 1220101672 Dt 24/9/22 |
| 2016-17<br>2017-18 | 2-5<br>2-6 | 50+50 | ഹരീന്ദ്രൻ | 1220101669 Dt 24/9/22 |
| 2016-17<br>2017-18 | 2-5<br>2-6 | 50+50 | മോഹനൻ | 1220101670 Dt 24/9/22 |

| | | | | |
|---|---|---|---|---|
| 2016-17<br>2017-18 | 2-5<br>2-6 | 50+50 | സുകുമാരൻ | 1220101671 Dt 24/9/22 |
| 2016-17<br>2017-18 | 2-5<br>2-6 | 50+50 | സുരേന്ദ്രൻ | 1220101668 Dt 24/9/22 |
| 2016-17<br>2017-18 | 2-5<br>2-6 | 50+50 | ഷീജ.എം. | 1220101667 Dt 24/9/22 |
| 2016-17<br>2017-18 | 2-5<br>2-6 | 50+50 | അന്നമ്മ | 1220101665 Dt 24/9/22 |
| 2016-17<br>2017-18 | 2-5<br>2-6 | 50+50 | മനോഹരൻ | 1220101666 Dt 24/9/22 |
| 2017-18<br>2018-19 | 2-7<br>1-13 | 50+50 | മായൻ കുട്ടി | 1220101680 Dt 24/9/22 |
| 2017-18<br>2018-19 | 2-7<br>1-13 | 50+50 | ഉദീഷ് | 1220101681 Dt 24/9/22 |
| 2017-18<br>2018-19 | 2-7<br>1-13 | 50+50 | അബ്ദുൾ സത്താർ | 1220101682 Dt 24/9/22 |
| 2017-18 | 2-7 | 50 | പി.പി.ബഷീർ | 1220101683 Dt 24/9/22 |
| 2017-18 | 2-7 | 100 | പി.പി.ബഷീർ | 1210100151 Dt 20/9/22 |
| 2017-18 | 2-10 | 21500 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കണ്ണൂർ | 1220101275 Dt 17/8/22 |
| 2019-20 | 1-16 | 1500 | സായൂജ്.എ.കെ. | 1220101321 Dt 23/8/22 |
| 2019-20 | 1-11 | 1720 | ഷൈമ പുരുഷോത്തമൻ | 1220100134 Dt 29/4/22 |
| 2019-20 | 1-11 | 500+600 | കെ.സി.പ്രദീപൻ | 1220100138 Dt 29/4/22 |
| 2019-20 | 1-11 | 1500 | ബാബു.കെ. | 1220100125 Dt 29/4/22 |
| 2019-20 | 1-11 | 1080 | ബാബു.കെ. | 1220100126 Dt 29/4/22 |
| 2019-20 | 1-11 | 1800 | പ്രശാന്ത്.എ.വി. | 1220100305 Dt 17/5/22 |
| 2019/20 | 1-11 | 1400 | സന്തോഷ് കുമാർ | 1220100724 Dt 25/6/22 |
| 2019/20 | 1-11 | 2500 | സമീന്ദ്രൻ | 1220100133 Dt 29/4/22 |
| 2019/20 | 1-11 | 860 | പ്രദീപൻ പുനത്തില്ലത്ത് | 1220100269 Dt 12/5/22 |
| 2019-20 | 1-11 | 1500 | പ്രശാന്ത്.എ.വി. | 1220100304 Dt 17/5/22 |
| 2019-20 | 1-15 | 1200 | പ്രതീശൻ.എം | 1220100816 Dt |

| | | | | |
|---|---|---|---|---|
| | | | | 17/5/22 |
| 2019/20 | 1-15 | 1400 | രാജീവൻ.കെ. | 1220100837 Dt 6/7/22 |
| 2019/20 | 1-16(2) | 150 | അമ്പിളി.വി.പി. | 1220100922 Dt 14/7/22 |
| 2019-20,20-21,21-22 | 1-11 | 2580 | സിബിൻ ടി | 1220101031 Dt 25/07/2022 |
| 2019/20, 2020-21 | 1-11 | 1100 | ശ്രീധരൻ നമ്പ്യാർ | 1220100922 Dt 15/7/22 |
| 2019/20, 2020-21 | 1-11 | 2580 | പുഷ്പദാസൻ.കെ. | 1220101153 Dt 8/8/22 |
| 2019/20, 2020-21 | 1-11 | 900 | ദിനേശൻ വരിക്കോളി | 1220101920 Dt. 11/10/2022 |
| 2019/20, 2020-21 | 1-11 | 2580 | ചന്ദ്രൻ.പി.കെ. | 1220100922 Dt 15/7/22 |
| 2019/20, 2020-21 | 1-11 | 2200 | ലളിത.കെ. | 1220101390 Dt 27/8/22 |
| 2019/20, 2020-21 | 1-11 | 500 | ഫസീല.എം | 1220101928 Dt 27/8/22 |
| ആകെ | | 53,340 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,36,98,096 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,28,00,566 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 32,85,478 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 87,181 | ശ്രീമതി.മഞ്ജുഷ.പി.എൻ(സെക്രട്ടറി ) |

| | | |
|---|---|---|
| 1-16 | 1,77,000 | ശ്രീമതി.മഞ്ജുഷ.പി.എൻ(സെക്രട്ടറി ) |
| 1-18 | 66,600 | 63,600-ശ്രീ.ബെഞ്ചി ഡാനിയേൽ (കൃഷി ഓഫീസർ)<br>3,000-ശ്രീ.ജോർജ് .കെ. ജെ -(കൃഷി ഓഫീസർ) |
| 1-19 | 2,76,340 | 1,00,000ശ്രീ.ബെഞ്ചി ഡാനിയേൽ (കൃഷി ഓഫീസർ)<br>1,76,340 ശ്രീ.ജോർജ് .കെ. ജെ -(കൃഷി ഓഫീസർ) |
| 1-20 | 764031 | ശ്രീ. ബെഞ്ചി ഡാനിയൽ, കൃഷി ഓഫീസർ |
| 1-27 | 100000 | ശ്രീമതി ആതിര കെ.കെ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-29 | 47,383 | ശ്രീമതി.മഞ്ജുഷ.പി.എൻ(സെക്രട്ടറി ) |
| 1-30 | 70,639 | ഡോ.മഞ്ജുള.കെ.പി (മെഡിക്കൽ ഓഫീസർ-പി എച്ച് സി ) |
| 1-31 | 79,833 | ഡോ.മഞ്ജുള.കെ.പി (മെഡിക്കൽ ഓഫീസർ-പി എച്ച് സി ) |
| 1-32 | 1616471 | ഡോ.മഞ്ജുള.കെ.പി (മെഡിക്കൽ ഓഫീസർ-പി എച്ച് സി ) |
| ആകെ | 3285478 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്, തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീമതി.മഞ്ജുഷ.പി.എൻ (സെക്രട്ടറി ) | സെക്രട്ടറി ,<br>മാലൂർ ഗ്രാമ പഞ്ചായത്ത് | ശ്രീലകം,നരവൂർ,കൂത്തുപറമ്പ് (പി ഒ) |
| ശ്രീ.ബെഞ്ചി ഡാനിയേൽ (കൃഷി ഓഫീസർ) | കൃഷി ഓഫീസർ,കണിച്ചാർ ഗ്രാമ പഞ്ചായത്ത് | ബിജോയ് വില്ല, കള്ളിമേൽ (പി ഒ), മാവേലിക്കര |
| ശ്രീ.ജോർജ് .കെ. ജെ -(കൃഷി ഓഫീസർ) | കൃഷി ഓഫീസർ,മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത് | കുഞ്ഞാണയിൽ ഹൗസ് , കൊളക്കാട്,പേരാവൂർ (പി ഒ) |
| ശ്രീമതി ആതിര കെ.കെ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | മമ്മാലി ഹൗസ്, മള്ളന്നൂർ പി.ഒ. |
| ഡോ.മഞ്ജുള.കെ.പി (മെഡിക്കൽ ഓഫീസർ-പി എച്ച് സി ) | മെഡിക്കൽ ഓഫീസർ-എംഎച്ച് സി-ചിറ്റാരിപറമ്പ് | കെ.പി.ആർ.നഗർ,(മാലൂർ പി ഒ) |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 1 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 1 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 1 |
| 2009-10, | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 1 |
| 2010-11 2011-12, | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 2 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 4 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 3 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 6 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 7 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ / സി.11/1380/2021 തീയതിഃ 10-01-2022 | 31 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ / സി.8/1381/2021 തീയതിഃ 10-01-2022 | 35 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.11/212/2023 | 22 |

| | | |
|---|---|---|
| | തീയതിഃ 29-03-2023 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1/278/23 dated 25-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Malur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Malur Grama Panchayat for the year 2022-2023

Date: 16/11/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Malur Grama Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

1. Cashflow statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
2. The following mandatory financial statements prescribed in accounting rules are not submitted for audit
a) Ratios (kerala Panchayath Raj account rules , 2011- Rule 62 F)
b) Notes on account (Kerala Panchayath Raj account rules 2011, Rule 62 E)
3.Appropriation control register of various grants recorded as liability as per Schedule B-4 has not been prepared and maintained.
4.Amounts paid as part bill are not included under the head B-11 (b) Capital Work in Progress,
5.Stale Cheque amount has not been credited to the panchayat fund.

6.Finance Commission Grant Expenditure - Annual Financial Statement, Sulekha Expenditure Statement and Appropriation Control Register do not match.
7.Amounts in annual accounts and demand registers do not match.
8.Distress Relief Fund : The amount as per Schedule B-17 in the balance sheet does not match with the amount as per Schedule B-2
9. Library Cess Collection, amount as per Annual Financial Statement RP-35 and amount as per Sanchaya Software do not match.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

# ധനകാര്യ പത്രികകൾ

## 1. RECEIPT & PAYMENT STATEMENT

Malur Grama Panchayat RECEIPT & PAYMENT STATEMENT
For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 25426136.00 |
| Cash | Cash | RP-40(a) | 116046.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1070500.00 |
| 130000000 | Rental income from Panchayat Properties | RP-3 | 192450.00 |
| 140000000 | Fees & User Charges | RP-4 | 863805.00 |
| 150000000 | Sale & Hire Charges | RP-5 | 57612.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 11173109.00 |
| 171000000 | Interest Earned | RP-9 | 653630.00 |
| 190000000 | Prior Period Income | RP-11 | 184035.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 9920.00 |
| 311000000 | Earmarked Funds | RP-28 | 2295.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 12274535.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5488017.00 |
| 460000000 | Loans, Advances and Deposits | RP-49 | 8000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 9123.00 |
| 340000000 | Deposits Received | RP-33 | 210606.00 |
| 350000000 | Other Liabilities | RP-35 | 1500459.00 |
| | Grand total | | 59240278.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 67500.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 2977.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1673122.00 |
| 460000000 | Loans, Advances and Deposits | RP-49 | 60000.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 264631.00 |
| 350000000 | Other Liabilities | RP-35 | 30732336.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 26374007.00 |
| Cash | Cash | RP-40(b) | 65705.00 |
| | Grand Total | | 59240278.00 |

2. INCOME & EXPENDITURE STATEMEN T

| Malur Grama Panchayat INCOME & EXPENDITURE STATEMENT<br>For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4899653.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 551070.00 |
| 140000000 | Fee & User Charges | I-4 | 1198175.00 |
| 150000000 | Sale & Hire Charges | I-5 | 59516.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 142345763.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 653630.00 |
| 180000000 | Other Income | I-9 | 9123.00 |
| | Total Income | | 149716930.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 11866066.00 |
| 220000000 | Administrative Expenses | I-11 | 1111534.00 |
| 230000000 | Operations & Maintenance | I-12 | 1176793.00 |
| 240000000 | Interest & Finance Charges | I-13 | 7351.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6064774.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 21537475.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 3391085.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 44997568.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 45206700.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1281645.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 1970.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 15095275.00 |
| 190000000 | Prior Period Income | 1-19 | 168263 |
| | Total Expenditure | | 151738236.00 |

| | | | |
|---|---|---|---|
| | Gross Surplus / Deficit of income over Expenditure | | -2021306.00 |
| | Gross Surplus / Deficit of income over Expenditure | | -2066469.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 123100.00 |
| 190000000 | Power period income | I-19 | 168263 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 45163.00 |

3. BALANCE SHEET

Malur Grama Panchayat BALANCE SHEET
As on 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 18932085.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 4781.00 |
| 312000000 | Reserves | B-3 | 58426120.00 |
| | Total Reserve & Surplus | | 77362986.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8786614.00 |
| | Total Grants, Contributions for Specific Purposes | | 8786614.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 1166383.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 1166383.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 725395.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1660581.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2385976.00 |
| | TOTAL LIABILITIES | | 89701959.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 807529.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 843217.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 5796156.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 107191950.00 |
| 416000000 | Accumulated Depreciation | B-11(a) | -56992499.00 |
| | Total Fixed Assets | | 57646353.00 |

| | | | |
|---|---|---|---|
| | Investments | | |
| 420000000 | Investments-General Fund | B-12 | 20010.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 20010.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1771601.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 26439712.00 |
| 460000000 | Loans, Advances and Deposits | B-18 | 3824283.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 32035596.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 89701959.00 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ